## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

24.06.2019-ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നമ്പർ 4175

# ക്ഷീരവികസന വകുപ്പിന്റെ പുന:സംഘടന

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ. എൻ. ഷംസീർ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരവികസന വകുപ്പിന്റെ പുന:സംഘടന ആലോചനയിലുണ്ടോ എന്നറിയിക്കാമോ; | (എ) പുനഃസംഘടന ആലോചനയിലുണ്ട്. |
| (ബി) മലബാർ മേഖലയിലെ ക്ഷീരവികസന യൂണിറ്റുകളിൽ ഉദ്യോഗസ്ഥരുടെ കുറവ് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉദ്യോഗസ്ഥക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത്; | (ബി) മലബാർ മേഖലയിൽ ഉദ്യോഗസ്ഥരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷീരവികസന ഓഫീസർമാരുടെയും ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെയും പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതുമൂലമാണ് നിയമനം യഥാസമയം നടത്തുന്നതിന് തടസ്സമായിട്ടുള്ളത്. ഡെയറി ഫാം ഇൻസ്ട്രക്ടർമാരുടെ റാങ്ക് പട്ടിക താമസിയാതെ പ്രസിദ്ധീകരിക്കുമെന്ന് അറിയുന്നു. ഒഴിവുകൾ താൽക്കാലികമായി നികത്തുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം നിയമനം നടത്തിവരുന്നുണ്ട്. |
| (സി) പാലുൽപ്പാദനത്തിനനുസരിച്ച് ക്ഷീരവികസന യൂണിറ്റുകളിലെ ഉദ്യോഗസ്ഥ സംവിധാനം പുന:സംഘടിപ്പിച്ച് പാലുൽപ്പാദനം കുറഞ്ഞ യൂണിറ്റുകളിൽ നിന്ന് ഉദ്യോഗസ്ഥരെ പുനർവിന്യസിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ? | (സി) പുനർ വിന്യസിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ